# ഗവ മോയൻ എൽ പി സ്കൂൾ പാലക്കാട്

## സമഗ്ര ഗുണമേന്മ ലക്ഷ്യം വെച്ച് മുന്നോട്ട്



## ആമുഖം

പെൺകുട്ടികളുടെ സാമൂഹ്യ പുരോഗതിക്ക് വേണ്ടി പെൺകുട്ടികൾക്കായുള്ള ഒരു വിദ്യാലയം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മോയൻ കുഞ്ഞിരാമൻ നായർ വടക്കന്തറയിൽ ഒരു പെൺപള്ളിക്കുളം സ്ഥാപിച്ചു.യാത്ര സൗകര്യം പരിഗണിച്ചാവാം ആ വിദ്യാലയത്തെ 1918ൽ നഗരം മധ്യത്തിലേക്ക് പറിച്ചു നട്ടത്.പെൺകുട്ടികൾ വീട്ടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന കാലം നഗരത്തിലെയും പരിസരത്തെയും പെൺകുട്ടികൾക്ക് ആശയും ആശ്രയവുമായി മാറിയിരിക്കുകയായിരുന്നു ഈ വിദ്യാലയം..പുതിയ കെട്ടിടങ്ങളും സൗകര്യങ്ങളും വന്നപ്പോൾ ഗ്രാമപ്രദേശങ്ങളിൽ നിന്നുപോലും കുട്ടികൾ ഈ പൊതുവിദ്യാലയത്തിലേക്ക് പ്രവേശനം തേടിയെത്തി.ഈ ഒഴുക്ക് ഇന്നും അനുസ്യൂതം തുടർന്നു കൊണ്ടിരിക്കുന്നു.കുട്ടികളുടെ ബാഹുല്യം എൽ. പി സ്കൂളിനെ വേർപെടുത്തുക എന്ന തീരുമാനത്തിലേക്ക് അധികാരികളെ എത്തിച്ചു.അങ്ങനെ അന്നത്തെ കളിസ്ഥലത്ത് 1918ൽ ഗവൺമെൻറ് മോയൻ എൽ പി സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം പിറവിയെടുത്തു.പ്രധാന വിദ്യാലയത്തിന്റെ നേരെ

Edit with WPS Office

എതിർ വശത്ത് 1961ൽ 4 ക്ലാസ് മുറികൾ ആയി ഈ വിദ്യാലയം ആരംഭിച്ചു.വെറും നാല് ക്ലാസ്സ് മുറിയിൽ തുടങ്ങിയ ഈ വിദ്യാലയം ഇന്ന് 26 ക്ലാസ്സ് മുറികളിലായി 700 ഓളം കുട്ടികൾ എൽ പി വിഭാഗത്തിലും 170 ഓളം കുട്ടികൾ പ്രീപ്രൈമറി വിഭാഗത്തിലും പഠിക്കുന്നു.

പാലക്കാട് ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ് ഗവൺമെന്റ് എൽ പി സ്കൂൾ. നഗര ഹൃദയത്തിൽ വളരെ പ്രൗഢിയോടെ ഇന്നും തലയുയർത്തി നിൽക്കുന്നു. അധ്യാപകൻ ഉൾപ്പെടെ 23 അധ്യാപകർ 5 പ്രീ പ്രൈമറി അധ്യാപകർ ഒരു പിടിസിഎം എന്നിവർ ഇവിടെ ജോലി ചെയ്യുന്നു. സ്റ്റാർ പദ്ധതിയിൽ ഉൾപ്പെട്ട വർണ്ണ കൂടാരം സ്കൂളിന്റെ മാറ്റുകൂട്ടുന്നു. രുചികരവും പോഷക സമൃദ്ധവുമായ ഉച്ചഭക്ഷണം എന്നും സ്കൂളിൽ നൽകി വരുന്നു. സ്കൂൾ പിടിഎ, എം പി ടി എ, എസ് എം സി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ ശക്തമായ പിന്തുണ സ്കൂളിനൊപ്പം എന്നുമുണ്ട്.

Edit with WPS Office

# വാനോളം......

ശാസ്ത്ര
മേള

ഗണിത
മേള

29
LSS
വിജ
യിക
ൾ

കലാ
മേള

പ്രവൃത്തി
പരിചയ മേള

കായിക
മേള

വർണ്ണ-
ക്കൂടാരം

# വിഷൻ 2025-26

ഗുണമേൻമ വിദ്യാഭ്യാസം

കുട്ടികളുടെ സമഗ്രവികാസം

കായിക ക്ഷമത ഉറപ്പാക്കൽ

വികാസ പ്രദ മൂല്യനിർണയം

പ്രതിഭ പോഷണം

ഇംഗ്ലീഷിൽ സ്വതന്ത്ര ഭാഷണം

## മുഖ്യ ലക്ഷ്യങ്ങൾ

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.

* വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന നേട്ടങ്ങൾ ഉറപ്പു വരുത്തുക.

* ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാനുകൾ, വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ എന്നിവ തയ്യാറാക്കുന്നതിലൂടെയും അത് ക്ലാസിൽ ക്രിയാത്മകമായി നടപ്പിലാക്കുന്നതിലൂടെയും എല്ലാ കുട്ടികളുടെയും സമഗ്ര വികസനം ഉറപ്പുവരുത്തുക.

* ഉദ്ഗ്രഥിത സമീപനം എന്ന ആശയം മുന്നിൽ കണ്ടുകൊണ്ട് എല്ലാ വിഷയങ്ങളിലും കലാ കായിക പ്രവർത്തിപരിചയ സാധ്യതകൾ കണ്ടെത്തി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

* പഠന കാലഘട്ടത്തിൽ അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം കായികക്ഷമതയും മെച്ചപ്പെടുത്തി ജീവിതം ആസ്വാദ്യകരമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

* ക്ലാസ് മുറിയിൽ ഒരുക്കുന്ന പഠന പ്രവർത്തനങ്ങൾ പഠനപ്രക്രിയയിലൂടെ കടന്നുപോകുന്നു എന്ന് ഉറപ്പുവരുത്തുക.

* വികാസപ്രദ മൂല്യനിർണയം കൃത്യമായി നടപ്പിലാക്കുക. എല്ലാ കുട്ടികളെയും മികവിലേക്ക് ഉയർത്തുക.

* പഠന പിന്തുണ ആവശ്യമുള്ളവരെ കണ്ടെത്തി അവരെ മിക്ക മുഖ്യധാരയിൽ എത്തിക്കാൻ പ്രത്യേക പഠന പാക്കേജ് ക്ലാസ് തലങ്ങളിൽ കൂടി തയ്യാറാക്കി നടപ്പിൽ വരുത്തുക.

* പഠന പിന്തുണ ആവശ്യമുള്ളവർക്ക് സവിശേഷ സമയം കണ്ടെത്തി പിന്തുണ നൽകുക.

* എൽ പി ക്ലാസുകളിൽ ഊന്നൽ കൊടുക്കേണ്ട സചിത്ര നോട്ടുപുസ്തകം,സർഗാത്മക ഡയറി,രചന പരിചയക്കുറിപ്പ്,ഭാവാത്മകമായ വായന, റീഡേഴ്സ് തിയേറ്റർ തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കുക.

* പ്രതിഭാ പോഷണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

* നിലവിലെ സ്കൂൾ ലൈബ്രറി, ശാസ്ത്ര ലാബ്,ഇ ക്യൂബ് പ്രവർത്തനങ്ങൾ എന്നിവയെല്ലാം കൂടുതൽ കാര്യക്ഷമമാക്കുക.

* ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനും വായിക്കാനും സ്വതന്ത്ര രചനകൾക്കുമുള്ള കഴിവ് വളർത്തിയെടുക്കുക.

* യുക്തിപരമായി ചിന്തിക്കാനും ബന്ധങ്ങൾ കണ്ടെത്താനും മനക്കണക്കായും ക്രിയാ പരമായും പ്രശ്ന നിർധാരണത്തിനുള്ള കഴിവ് നേടുന്നതിനും ഗണന ചിന്തയെ ഉപയോഗപ്പെടുത്താനുമുള്ള കഴിവ് നേടുന്ന രീതിയിൽ കുട്ടിയെ പ്രാപ്തനാക്കുക.

* ഓരോ കുട്ടിയുടെയും കഴിവ് കണ്ടറിഞ്ഞ് പരിപോഷിപ്പിക്കുവാൻ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ (സംഗീതം, ക്ലാസ്,നൃത്തം, കരാട്ടെ,അബാക്കസ്) തുടങ്ങിയവ നടപ്പിലാക്കുക.

## മുഖ്യ ലക്ഷ്യങ്ങൾ

* പഠന നേട്ടങ്ങളെയും മികവുകളെയും സമൂഹത്തിന് ഉതകും വിധം പ്രയോജനപ്പെടുത്തുന്നതിലൂടെ നിരന്തരം സമൂഹവുമായി കുട്ടിയെ ബന്ധപ്പെടുത്തുവാൻ സാധ്യമാകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

* ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഉതകുന്ന വിധം സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

2025-26 അക്കാദമിക് വർഷത്തിൽ വിദ്യാലയം ഏറ്റെടുത്തു നടപ്പിലാക്കുന്ന

പ്രവർത്തനങ്ങൾ/മേഖലകൾ ഒറ്റ നോട്ടത്തിൽ.......

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷ-<br><br>മലയാളം,<br>ഇംഗ്ലീഷ്-<br><br>*നാലാം ക്ലാസ് കഴിഞ്ഞു പോകുന്ന ഓരോ കുട്ടിയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആയി മാറുക. | ക്ലാസ് മുറികൾ പെയിന്റിങ്ങ് നടത്തി ആകർഷകമാക്കൽ | എസ്.എം.ഡി.സി.<br>പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>ബന്ധം ശക്തിപ്പെടുത്തൽ |
| ഗണിതം-<br><br>*നാലാം ക്ലാസ്സ് കഴിഞ്ഞു പോകുന്ന ഓരോ കുട്ടിയും ചതുഷ്ക്രിയകൾ ചെയ്യാൻ  പ്രാപ്തി നേടുക | ക്ലാസ് മുറികൾ ലേബൽ ചെയ്യൽ | കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണ ക്ളാസ് |
| *ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾ ഇംഗ്ലീഷിലും മലയാളത്തിലും സർഗാത്മക ഡയറി എഴുതുക. | ഓരോ ബ്ലോക്കിലും കുടിവെള്ളസൗകര്യം ഏർപ്പെടുത്തുക | വിദ്യാലയത്തിലെ മികവുകൾ സമൂഹത്തിനു മുന്നിൽ പങ്കുവയ്ക്കുക |
| *ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾഎല്ലാ മാസവസാനവും നടത്തുക. | പുതിയ ബ്ലോക്കിനു മുകളിൽ വാഷ്ബെയ്സിൻ സ്ഥാപിക്കുക | സമൂഹമാധ്യമത്തിലൂടെ വിദ്യാലയത്തിലെ മികവുകൾ പൊതു സമൂഹത്തിനെ അറിയിക്കുക |
| *മാസത്തിൽ ഒരു സ്ക്കൂൾ പത്രം തയ്യാറാക്കുക | എല്ലാ ക്ലാസ് മുറികളിലും ബൾബ്,ഫാൻ ,അലമാര ഇവ ഉറപ്പാക്കുക | സ്ക്കൂളിന്റെ ഭൗതിക മികവിന് പൊതു സമൂഹത്തി |

| | | |
|---|---|---|
| | | ന്റെ സഹായം തേടുക |
| *നാലാം ക്ലാസിലെ 33% കുട്ടികൾക്ക് എൽ.എസ്.എസ്. ഉറപ്പാക്കുന്ന വിധം പരിശീലനം നടത്തുക | എല്ലാ ബ്ലോക്കിലും ചൂല്,മോപ്പ് ,ഡസ്റ്റ്ബിൻ ഉറപ്പാക്കുക | |
| *മികവു പുലർത്തുന്ന കുട്ടികൾക്ക് ടാലന്റ് ലാബിന്റെ പ്രവർത്തനം ഉറപ്പാക്കി മികവിന്റെ വളർച്ച ഉറപ്പാക്കുക | ഉച്ചഭക്ഷണം അതാത് ബ്ളോക്കിൽ നൽകാം സൗകര്യം ഏർപ്പെടുത്തൽ | |
| *സ്ക്കൂളിലെ ഓരോ കുട്ടിയും കമ്പ്യൂട്ടർ ഉപയോഗിക്കാൻ പ്രാപ്തനാക്കുക | എല്ലാ ബാത്ത്റുമുകളും ഉപയോഗയോഗ്യമാകുക | |
| *ക്ളാസുകളിൽ ഡിജിറ്റൽ ഉപകാരണങ്ങളുടെ ഉപയോഗം ഉറപ്പാക്കുക | സ്ക്കൂളിനു മുന്നിലെ റോഡിൽ സ്പീഡ് ബ്രേക്കർ സ്ഥാപിക്കുക | |
| *എല്ലാ ആഴ്ചയിലും ബാലസഭ | ഓരോ ബ്ലോക്കിലും ജൈവ അജൈവ ഡസ്റ്റുബിന്നുകൾ സ്ഥാപിക്കുക | |
| *എല്ലാദിവസവും ഉച്ചക്ക് 1 മണി മുതൽ 1.30 വരെ സ്ക്കൂൾ ആകാശവാണി. | സ്ക്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക | |
| *കുട്ടികളിൽ സമഗ്ര കായിക ശേഷി വികാസം ഉറപ്പാക്കൽ | അടുക്കളത്തോട്ടം നിർമിക്കൽ | |
| *കുട്ടികളിൽ ശാസ്ത്രവബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക | കുട്ടികളുടെ പാർക്ക് നിർമിക്കൽ | |
| *ദിനാചരണ പ്രവർത്തനങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുക | സ്ക്കൂൾ മൈതാനം ഷീറ്റ് ഇടൽ | |
| *ജനുവരി മാസത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക | വൈദ്യുതി കണക്ഷൻ ത്രീ ഫെയ്സാക്കൽ | |
| *ക്ലാസ് സ്ക്കൂൾ ലൈബ്രറികൾ | ചുറ്റുമതിൽ സൗന്ദര്യവത്ക്കരിക്കൽ | |

| | | |
|---|---|---|
| സജ്ജീകരിക്കുക | | |
| *എല്ലാ ക്ലാസിലും എല്ലാ മാസവും ആർജിക്കേണ്ട ശേഷികൾ നേടിയോ എന്ന് വിലയിരുത്തൽ | മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യൽ | |
| *ശക്തമായ ക്ലാസ് പി.ടി.എ കൾ സംഘടിപ്പിക്കുക | സ്ക്കൂൾ ബസ് ലഭ്യത ഉറപ്പാക്കൽ | |
| | ഡിച്ചുകൾ വൃത്തിയാക്കൽ | |
| | കുട്ടികൾക്കുള്ള  അപകട ഇൻഷൂറൻസ് നടപ്പാക്കൽ | |
| | കുട്ടികളെ ടി.വി പ്രോഗ്രാം നടത്താൻ പ്രാപ്തരാക്കൽ | |
| | ഓടിട്ട ക്ലാസ് മുറികൾ കേടു പാടു തീർക്കൽ | |
| | പ്രീ.പ്രൈമറി കെട്ടിടത്തിനു മുകളിൽ ഷീറ്റ് ഇടൽ | |

പ്രവർത്തന പദ്ധതി-വിശദീകരണം

മേഖല-അക്കാദമികം

ഭാഷ-മലയാളം

| ലക്ഷ്യം | പ്രവർത്തന വിശദാംശം | ടാർജറ്റ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നാലാം ക്ലാസിൽ നിന്നും പോകുന്ന കുട്ടികൾ എല്ലാം സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആവുക | പൂർണ പിന്തുണ ക്ലാസ് പി.ടി.എ.<br><br>എല്ലാ ദിവസവും ഡയറിയെഴുത്ത്<br><br>എല്ലാം മാസവും ആർജിക്കേണ്ട ശേഷികൾ-സംയുക്ത വിലയിരുത്തൽ.<br><br>എല്ലാ ക്ലാസിലും പത്രം,ലൈബ്രറി ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ സജ്ജീകരിക്കൽ.<br><br>വായനകാർഡുകളുടെ നിർമാണം-ശിൽപശാല.<br><br>അമ്മ വായന<br><br>ലൈബ്രറി സന്ദർശനം വിദ്യാരംഗം<br><br>ബാലസഭ<br><br>ബാലവാണി വായനോത്സവം<br><br>രചനോത്സവം<br><br>വ്യക്തിഗത രചനകളുടെ | 1 മുതൽ 4 ക്ലാസു വരെ | 10 മാസം | ക്ലാസ് ടീച്ചർമാർ | പി.ടി.എ.<br><br>സ്പോൺസേഴ്സ് |

| | | | | | |
|---|---|---|---|---|---|
| | പ്രസിദ്ധീകരണങ്ങൾ.<br><br>ക്ലാസ് തലം<br>സ്ക്കൂൾ തലം<br>പത്രം നിർമിക്കൽ.<br><br>ക്ളാസ് തല<br>സ്ക്കൂൾ തല<br>പ്രാദേശികതലപഠനോത്സവം.<br><br>സ്ക്കൂൾ തല<br>മാഗസീൻ<br>പ്രകാശനം.<br><br>കുട്ടി-രക്ഷിതാവ്-<br>അധ്യാപകൻ-<br>സമൂഹം നല്ല<br>ബന്ധം<br>സ്ഥാപിക്കൽ<br><br>ബോധവത്ക്കരണ<br>ക്ലാസ് | | | | |
| | വായനോത്സവം<br>*വായനോത്സവത്തിലൂടെ<br>വർഷാന്ത്യത്തിൽ<br>എല്ലാ<br>കുട്ടികളെയും<br>ബാലപ്രസിദ്ധീകരണങ്ങൾ<br>വായിക്കുന്നവർ<br>ആക്കി മാറ്റുക | 1,2 | 10 മാസം | ക്ലാസ്സ്<br>ടീച്ചർ | |
| | രചനോത്സവം<br><br>രചനോത്സവത്തിലൂടെ എല്ലാ<br>കുട്ടികളുടെയും<br>വ്യക്തിഗത<br>രചനകൾ<br>പ്രസിദ്ധീകരിക്കുക<br>.<br>മികച്ച<br>ഡയറിക്കുറിപ്പുക | 1മുതൽ 4<br>ക്ലാസ്സ്<br>വരെ | 10 മാസം | ക്ലാസ്<br>ടീച്ചർ | |

07:13 31

| | | | | | |
|---|---|---|---|---|---|
| | ൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുക | | | | |
| | ഭാവാത്മക വായന<br>ഭാവം,ഒഴുക്ക്, അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾഎന്നിവയോടെ വായിച്ച അവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക. | 1 മുതൽ 4 ക്ലാസ്സ് വരെ | 10 മാസം | ക്ലാസ് ടീച്ചർ | |
| | രചനാപരിചയക്കുറിപ്പ്<br>വിവിധ രചനകളെ പരിചയപ്പെടുത്തുന്ന രചന പരിചയക്കുറിപ്പുകൾ തയ്യാറാക്കുന്നു. രചന പരിചയക്കുറിപ്പുകളുടെ സമാഹാരം പ്രസിദ്ധീകരിക്കുന്നു | ക്ലാസ്സ് 4 | 10 മാസം | ക്ലാസ് ടീച്ചർ | |

മേഖല:ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തന വിശദാംശം | ടാർജെറ്റ് ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| Every student completing standard 4 should acquire the basic ability to read write and communicate effectively in English | Provides opportunities for students to acquire language through role play skit mine choreography readers theatre etc | 1 to 4 | June to March | Class teachers, English club | |
| | English diary<br>Helps to develop language fluency and its vocabulary and improve sentence structure. It nurses self expression enhances imagination and encourages reflective thinking | Std 1 to 4 | June to march | Class teachers | |
| | English magazine<br>Encourages students to express | Std 1 to 4 | Once in 3 months | Class teacher<br>English club | PTA |

| | | | | | |
|---|---|---|---|---|---|
| | English assembly<br>Encourages students to take initiative,develop leadership qualities,enhances listening and speaking skills,builds confidence in public communication. | Std 1 to 4 | Once in a week | Class teacher | |
| | ENGLISH FEST<br>Create an engaging platform for students to explore and enjoy the English language. A space to Showcase different talents of children. | 1 to 4 | February | Class teachers English club | PTA |
| | | | | | |
| | | | | | |

# മേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ ( ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പിലാക്കൽ | 1 മുതൽ 4 ക്ലാസ് വരെ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഗണിത ശാസ്ത്ര പഠനത്തിൽ സർഗാത്മകത ഉറപ്പാക്കൽ | ടാൻഗ്രാം രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. ഒറിഗാമിയുടെ സാധ്യത ഉറപ്പാക്കൽ | 1 മുതൽ 4 ക്ലാസ് വരെ | വർഷം മുഴുവൻ ( ഉചിതമായ സമയത്ത്) | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠന പ്രവർത്തനങ്ങൾ എളുപ്പവും സുതാര്യവുമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | 1 മുതൽ 4 ക്ലാസ്സ് വരെ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ -- പഠനത്തിന് ഉപയോഗപ്പെടുത്തൽ | 1 മുതൽ 4 ക്ലാസ് വരെ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

മേഖല:ഗണിതം

| | | | | | |
|---|---|---|---|---|---|
| അനുഭവവാധിഷ്ഠിത പഠനത്തിന്റെയും അന്വേഷണാത്മക പഠനത്തിന്റെയും പ്രയോഗ സാധ്യതകൾ ഉറപ്പാക്കൽ | യുക്തിചിന്തയും പ്രശ്നപരിഹരണ ശേഷിയും,നേടിയ അറിവ് യുക്തിപൂർവ്വം പ്രയോഗിക്കാനുള്ള കഴിവ് ഉറപ്പിക്കുന്ന തരത്തിലുള്ള പസിലുകൾ, പാറ്റേണുകൾ എന്നിവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ.<br><br>ഗണന ചിന്ത വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | 1 മുതൽ 4 വരെ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

മേഖല-ശാസ്ത്രം,സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ടാർജറ്റ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയുംഎല്ലാ ശാസ്ത്ര മേഖലകളിലെല്ലാം നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും താരതമ്യത്തിലൂടെയും ശാസ്ത്രാഭിമുഖ്യം ഉള്ളവരായി മാറ്റുക. | *ഫീൽഡ്ട്രിപ്പ്<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയവിക്തത കൈവരിക്കാൻ നിരീക്ഷണത്തിലൂടെ അറിവ് നിർമാണം.<br><br>*പരിസ്ഥിതി തോട്ടം/ജൈവ വൈവിധ്യഉദ്യാനം<br><br>*എല്ലാ മാസാന്ത്യത്തിലും വിലയിരുത്തൽ<br><br>*എല്ലാ ക്ളാസുകളിലും ശാസ്ത്രമൂല/പരിസര മൂല.<br><br>ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കൽ, പഠന തെളിവുകളുടെ പ്രദർശനം.<br><br>* ക്വിസ്<br><br>*ശാസ്ത്ര മേള<br><br>*ബുള്ളറ്റിൻ ബോർഡ്<br><br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ | 1 മുതൽ 4 ക്ലാസു വരെയുള്ള കുട്ടികൾ | ആവശ്യനുസരണം.<br><br>ജൂൺ<br><br>വർഷം മുഴുവനും<br><br>വർഷം മുഴുവനും<br><br>ഓഗസ്റ്റ്<br><br>വർഷം മുഴുവനും | ക്ലാസ് ടീച്ചേഴ്സ് | പി.ടി.എ ബി.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| | പ്രദർശിപ്പിക്കൽ<br><br>*കേരളം,ഇന്ത്യ ഭൂപടം-പസിൽസ്..<br>ഭൂപടങ്ങളുടെ പ്രദർശനം<br><br>*സ്ക്കൂൾ ഇലക്ഷൻ സ്കൂൾ ലീഡർ ക്ലാസ് ലീഡർ എന്നിവരെ ജനാധിപത്യരീതിയിൽ കണ്ടെത്തുന്നു.<br><br>*ശാസ്ത്ര പരീക്ഷണങ്ങൾ.<br><br>*ശാസ്ത്ര നാടകങ്ങൾ.<br><br>*ശാസ്ത്രകൗതുകങ്ങൾ ഉൾപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കൽ. | | ആവശ്യ നുസര ണം | | |
| *സമൂഹം പ്രകൃതി സംസ്കാരം ശാസ്ത്രം എന്നിവയെ കുറിച്ച് അടിസ്ഥാനപര മായ അറിവ് നേടുന്നു.<br><br>*നമ്മുടെ നാടിന്റെ സംസ്കാരപരമാ യ ഭൂഗോളപരമായ സാമൂഹികപരമാ യ വശങ്ങളിൽ അറബ് ലഭിക്കുന്നു. | പൊതുവിജ്ഞാനം ശക്തിപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ.<br><br>ക്വിസ് മത്സരങ്ങൾ | | വർഷം മുഴുവനും | ക്ലാസ് അധ്യാപ കർ | |